"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - നെന്മാറ പോത്തുണ്ടിയിൽ ചെന്താമര എന്ന ആളാൽ കൊല ചെയ്യപ്പെട്ട സുധാകരൻ എന്നവരുടെ മകളായ കുമാരി. അഖിലയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്- ബി) വകുപ്പ്**

സ.ഉ.(കൈ) നം.15/2026/RD തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:- പാലക്കാട് ജില്ലാ കളക്ടറുടെ 25/03/2025ലെDCPKD/2642/2025-D8 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

പാലക്കാട് നെന്മാറ പോത്തുണ്ടിയിൽ ചെന്താമര എന്ന ആളാൽ കൊല ചെയ്യപ്പെട്ട സുധാകരൻ എന്നയാളുടെ മകളായ കുമാരി അഖിലയ്ക്ക് വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ലാത്തതാണെന്നും, ബന്ധുക്കളുടെ സംരക്ഷണയിൽ കഴിഞ്ഞു വരുന്നതായും റിപ്പോർട്ട് ചെയ്തുകൊണ്ട്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാവുന്നതാണെന്ന് പാലക്കാട് ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് നെന്മാറ പോത്തുണ്ടിയിൽ ചെന്താമര എന്ന ആളാൽ കൊല ചെയ്യപ്പെട്ട സുധാകരൻ എന്നയാളുടെ മകളായ കുമാരി അഖിലയ്ക്ക് പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് മാനുഷിക പരിഗണന നൽകി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.വിതരണത്തിനാവശ്യമായി വരുന്ന 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ജില്ലാ കളക്ടർ, പാലക്കാട്
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ് (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജി)
പൊതുഭരണ (എസ്. സി.) വകുപ്പ് (07.01.2026 ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നം 3501 പ്രകാരം)
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്

ഐ & പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് - എ & സി) വകുപ്പുകൾ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്:
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

Signed by
Rakesh Paul
Date: 09-01-2026 10:46:11